**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 811** **14-01-2021 - ൽ മറുപടിയ്ക്ക്**

**ആറളം ആദിവാസി മേഖലയിലെ വന്യമൃഗ ശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | ആറളം ആദിവാസി മേഖലയിലെ വന്യമൃഗ ശല്യം തടയുന്നതിന് മതിൽ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നും എപ്പോഴാണ് അനുവദിച്ചതെന്നും വെളിപ്പെടുത്താമോ; | (എ) | ആറളം ആദിവാസി മേഖലയിലെ വന്യമൃഗ ശല്യം തടയുന്നതിന് മതിൽ നിർമ്മിക്കുന്നതിന് 28/03/2020 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 390/2020/പജപവവിവ പ്രകാരം 22 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ആയതിന്റെ പ്രവൃത്തി ആരംഭിക്കാനുള്ള കാലതാമസം എന്താണെന്നും എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ? | (ബി) | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖാന്തിരം പ്രവർത്തി ചെയ്യുന്നതിനാണ് ഭരണാനുമതി നൽകിയിരുന്നത്. എന്നാൽ ലിമിറ്റഡ് ടെണ്ടർ മുഖേന മാത്രമേ സംഘത്തിന് പ്രവൃത്തി ഏറ്റെടുക്കുവാൻ കഴിയുകയുള്ളൂവെന്ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി അറിയിച്ചിരുന്നതിനാൽ ഭരണാനുമതി ഉത്തരവ് ഭേദഗതി വരുത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. ആയത് സർക്കാർ പരിശോധിക്കുകയും ടി പ്രവർത്തി ത.സ്വ.ഭ.വ./പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ